പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1773 11.2.2013-ൽ മറുപടിക്ക്

'നല്ല നാട്, നല്ല വെള്ളം' പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. പി. വിൻസെന്റ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |

എ) 'നല്ല നാട്, നല്ല വെള്ളം' പദ്ധതിയുടെ പ്രധാനലക്ഷ്യങ്ങൾ എന്തെല്ലാം;

എ) മാലിന്യമുക്തവും ജലസംരക്ഷിതവുമായ ഒരു കേരളം രൂപപ്പെടുത്തുവാൻ വിപുലമായ വിദ്യാഭ്യാസ കർമ്മപരിപാടികൾ ഉൾപ്പെടുത്തികൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പിലെ ശുചിത്വമിഷനും ജലവകുപ്പിലെ സി.സി.ഡി.യു-വും സംയുക്തമായി സംഘടിപ്പിക്കുന്ന ഒരു കാമ്പയിൻ ആണ് 'നല്ലനാട് നല്ലവെള്ളം പദ്ധതി.' ജല ശുചിത്വമേഖലകളിൽ വിവധങ്ങളായ സാങ്കേതിക വിദ്യകളും മാർഗ്ഗങ്ങളും പ്രചരിപ്പിക്കുന്നതോടൊപ്പം അവ നടപ്പിലാക്കാൻ സാമ്പത്തിക സഹായ പദ്ധതികളും കൂടുതൽ വ്യാപകമാക്കി ജനങ്ങളിൽ എത്തിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഉറവിട മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ, വലുതും ചെറുതുമായ മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവയുടെ വ്യാപനവും ലക്ഷ്യമിടുന്നു. മഴവെള്ള സംഭരണം ഭൂജലപരിപോക്ഷണ മാർഗ്ഗങ്ങൾ തുടങ്ങിയ ജലസംരക്ഷണ സംഭരണ മേഖലകളിലും വിവിധങ്ങളായ പ്രവർത്തനങ്ങളാണ് നടപ്പിലാ ക്കുന്നത്. സമൂഹത്തിലെ സമസ്ത ജനവിഭാഗങ്ങളിലും പുതിയ ഒരു ജനകീയ വിദ്യാഭ്യാസം നൽകുവാനും വിവിധങ്ങളായ മാർഗ്ഗങ്ങളിലൂടെ നല്ലനാട് നല്ലവെള്ളം എന്ന ലക്ഷ്യത്തിലേയ്ക്ക് കേരളത്തെ മുന്നോട്ട് നയിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. മാലിന്യ വിമുക്ത ജലസംരക്ഷിത മേഖലകളിൽ നിലവിലുള്ള എല്ലാ ശാസ്ത്ര സാങ്കേതിക രീതികളും

മാതൃകാപ്രവർത്തനങ്ങളും സാമ്പത്തിക സഹായ സബ്സിഡികളും ഉൾപ്പെടെ വിവിധ വിവരങ്ങളും പ്രവർത്തന പരിപാടികളും എല്ലാ ജനങ്ങളിലും എത്തിച്ച് പുതിയൊരു കർമ്മ മണ്ഡലത്തിനുള്ള സാഹചര്യമൊരുക്കുക എന്ന ബൃഹത്തായ ദൗത്യമാണ് 2012 നവംബർ മുതൽ 2013 ഒക്ടോബർ വരെയുള്ള കാമ്പയിൻ പ്രധാനമായും ലക്ഷ്യമിടുന്നത്.

| | |
|---|---|
| ബി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച പ്രധാന പ്രചാരണ പരിപാടികൾ എന്തെല്ലാം? | ബി) നല്ലനാട് നല്ലവെള്ളം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ വാട്ട്സാൻ പ്രചരണത്തിനു വേണ്ടി (വാട്ടർ ആൻഡ് സാനിട്ടേഷൻ എന്നതിന്റെ ചുരുക്കപേരാണ് വാട്സാൻ) പ്രത്യേകം തയ്യാർ ചെയ്ത ഐ.ഇ.സി വാഹനമാണ് വാട്സാനിക് എക്സ്പ്രസ്സ്. വാഹനത്തിൽ പ്രത്യേകം ചിട്ടപ്പെടുത്തിയ ശുചിത്വഗാനം, ലഘുരേഖകകൾ, മാലിന്യ സംസ്കരണ ജലപരിശോധനാ മാതൃകകൾ, തെരുവ് നാടകം, അതത് ജില്ലക്കനുയോജ്യമായി തയ്യാറാക്കിയ അനൗൺസ്മെന്റ് എന്നിവ ഉണ്ടായിരിക്കും. കൂടാതെ 2013 ഫെബ്രുവരി 22 മുതൽ 24 വരെ തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയേഴ്സ് ഹാളിൽ നല്ലനാട് നല്ലവെള്ളം പദ്ധതിയുടെ ഭാഗമായി എക്സിബിഷനും നടത്തപ്പെടുന്നതാണ്. പദ്ധതിയുടെ വ്യാപനത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.. |

സെക്ഷൻ ഓഫീസർ